ചീഫ് എഞ്ചിനിയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യൂ കോംപ്ലക്സ്, മൂന്നാം നില
പബ്ലിക് ആഫീസ് ബിൽഡിംഗ്
തിരുവനന്തപുരം

Phone: 0471-23249
0471-23250
Tele FAX: 0471-23249
email: celsgd@gmail.com
website:www.celsgd.kerala.gov.in

നം. ഡിബി2/16749/2019/ സിഇ/തസ്വഭവ

തീയതി. 02/07/2020

## പരിപത്രം

വിഷയം: തസ്വഭവ- സാങ്കേതിക വിഭാഗം- KIIFB- KILA- SPV – 446- സ്കൂൾ കെട്ടിട നിർമ്മാണങ്ങളുടെ അവലോകന യോഗം

സൂചന: ബഹു. തസ്വഭവ വകുപ്പ് മന്ത്രിയുടെ കാര്യാലയത്തിൽ നിന്നുമുള്ള നിർദ്ദേശം

കിലയെ സ്പെഷ്യൽ പർപസ് വെഹിക്കിൾആയി ചുമതലപ്പെടുത്തി, കിഫ്ബി ഫണ്ട് വിനിയോഗിച്ച് സംസ്ഥാനത്തെ 446 സ്കൂളുകളിൽ നടത്തിവരുന്ന നിർമ്മാണ പ്രവർത്തികളുടെ പുരോഗതി അവലോകനം ചെയ്യുന്നതിന് **07-07-2020-ന്** വീഡിയോ കോൺഫറൻസിംഗ് മുഖാന്തിരം ഒരു അവലോകന യോഗം നടത്തുന്നതിന് ബഹു. തസ്വഭവ വകുപ്പ് മന്ത്രി നിർദ്ദേശം നൽകിയിരിക്കുകയാണ്. ടി യോഗം അന്നേ ദിവസം രാവിലെ **10.30** നാണ് ആരംഭിക്കുന്നത്. **ടി യോഗം ബഹു. തസ്വഭവ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിലാണ് നടത്തുന്നത്.**

തസ്വഭവ മേഖലാ കാര്യാലയങ്ങളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, കോർപ്പറേഷനുകളിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, ജില്ലാ പഞ്ചായത്തുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റികളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരാണ് ടി യോഗത്തിൽ പങ്കെടുക്കേണ്ടത്. ടി വീഡിയോ കോൺഫറൻസിംഗിൽ പങ്കെടുക്കുന്നതിന് ആവശ്യമായ **Meeting ID, Password, Online Conferencing** സോഫ്റ്റ് വെയറിന്റെ പേര് എന്നിവ ഈ കാര്യാലയത്തിൽ നിന്നും ഇ-മെയിൽ മുഖാന്തിരം അറിയിക്കുന്നതാണ്.

(മറുപുറം)

ഈ കാര്യാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രൊഫോർമ **P- 1075**-ൽ 05-07-2020 ന് വൈകുന്നേരം 4 മണി വരെ രേഖപ്പെടുത്തി സമർപ്പിക്കുന്ന വിവരങ്ങളെ അടിസ്ഥാനമാക്കിയാണ് യോഗത്തിൽ അവലോകനം നടത്തുന്നത്. ടി പ്രൊഫോർമയിൽ രേഖപ്പെടുത്തി സമർപ്പിച്ചിട്ടുള്ള വിവരങ്ങൾ സഹിതം യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**ചീഫ് എഞ്ചിനീയർ**

ഡി 02